**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4017 **16.03.2017**-ലെ മറുപടിക്ക്

പട്ടിക സമുദായത്തിൽപ്പെട്ടവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.തോമസ് ചാണ്ടി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാട്ടിലെ പുറം ബണ്ടുകളിൽ താമസിക്കുന്ന പട്ടിക സമുദായത്തിൽപ്പെട്ടവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | എസ്.സി. പ്രൊമോട്ടർമാർ, ഗ്രാമ പഞ്ചായത്തധികൃതർ, ജനപ്രതിനിധികൾ എന്നിവർ മുഖേന പ്രചരണം നടത്തിയും അപേക്ഷകൾ ക്ഷണിച്ചുമാണ് പട്ടികജാതി വികസന വകുപ്പ് കുട്ടനാട്ടിലെ പുറം ബണ്ടുകളിൽ താമസിക്കുന്ന പട്ടികസമുദായത്തിൽപ്പെട്ടവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്. ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ, എസ്.ടി പ്രൊമോട്ടർ എന്നിവർ മുഖേന പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തി അർഹതയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ത്രിതല പഞ്ചായത്ത് മുഖേനയുമുള്ള വ്യക്തിഗതവും അടിസ്ഥാന സൗകര്യവികസനത്തിനുമായുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കി വരുന്നു. |
| (ബി) | കോളനികൾ ആയി ജീവിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിശ്ചിത പ്രദേശത്ത് താമസിക്കുന്ന പട്ടിക സമുദായത്തിൽപ്പെട്ടവരെ, ടി പ്രദേശം ഒരു കോളനി ആയി കരുതി അവർക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ ആനുകൂല്യങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ബി) & (സി) | ഒരു പ്രദേശത്തെ ജനസംഖ്യയിൽ 50%ത്തിലധികം പട്ടികജാതിക്കാർ താമസിക്കുന്നുണ്ടെങ്കിൽ പട്ടികജാതി വികസന വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പ്രത്യേക ഘടകപദ്ധതി ഫണ്ടുപയോഗിച്ച് അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. ഒരു പ്രദേശത്ത് |

| | | | |
|---|---|---|---|
| (സി) | എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | അഞ്ചോ അതിലധികമോ പട്ടികജാതി കുടുംബങ്ങളുണ്ടെങ്കിൽ അതിനെ കോളനിയായി കണക്കാക്കി കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കുന്നുണ്ട്. പത്തോ അതിൽ കൂടുതലോ കുടുംബങ്ങളുണ്ടായിരിക്കുകയും അതിൽ 51% പട്ടികജാതിക്കാർ ആയിരിക്കുകയും ചെയ്താൽ ആ പ്രദേശത്ത് റോഡും മറ്റ് പശ്ചാത്തല വികസന പദ്ധതികളും നടപ്പാക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ക്ഷേമപദ്ധതികൾ പ്രകാരമുള്ള ധനസഹായം, വിദ്യാഭ്യാസാനുകൂല്യങ്ങൾ, ആരോഗ്യസംരക്ഷണ ധനസഹായ പദ്ധതികൾ എന്നിവ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അർഹതയുടെയും ഫണ്ട് ലഭ്യതയുടെയും അടിസ്ഥാനത്തിൽ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ